# ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ ദേശീയസമ്മേളനം ഇന്നുമുതൽ

കൊച്ചി: ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ (ഐ.ഐ.ഒ.ടി.എ)ഇന്നു മുതൽ 21 വരെ നടക്കുന്ന അറുപത്തിയൊന്നാമത് ദേശീയസമ്മേളനത്തിന് കൊച്ചി ആതിഥേയത്വം വഹിക്കും. കലൂരിലെ ഗോകുലം പാർക്ക് ഹോട്ടലിൽ നടക്കുന്ന പരിപാടി കേരള ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷനാണ് സംഘടിപ്പിക്കുന്നത്."ഒക്യുപേഷണൽ തെറാപ്പിയിലൂടെ മായാജാലം സൃഷ്ടിക്കാം" എന്നതാണ് ഇത്തവണത്തെ പ്രമേയം. ഈ മേഖലയിലെ നൂതനമായ സാങ്കേതിക വിദ്യകളും രീതികളും പ്രശ്നപരിഹാരമാർഗങ്ങളും സമ്മേളനത്തിൽ ചർച്ചയാകും. ഗവേഷകർക്കും ഒക്യുപേഷണൽതെറാപ്പി ചെയ്യുന്നവർക്കും അവരുടെ അറിവും അനുഭവങ്ങളും നേരിട്ട് പങ്കുവെക്കാനുള്ള ഒരു വേദി കൂടിയാണിത്.ഇരിഞ്ഞാലക്കുടയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷന്റെയുംനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെയും ആഭിമുഖ്യത്തിൽ കുട്ടികൾക്ക് സൗജന്യ ഭിന്നശേഷിനിർണയവും രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്ന "ചിറക്" പദ്ധതിയും ഇതിനോടനുബന്ധിച്ച് നടക്കും. 15ൽ അധികം രാജ്യങ്ങളിൽ നിന്നായി ആയിരത്തിലധികം പേർ ഓറ്റിക്കോൺ-2024ൽ പങ്കെടുക്കും. ക്ഷണിക്കപ്പെട്ട പതിനഞ്ചോളം വിശിഷ്ടവ്യക്തികൾ സമ്മേളനത്തിൽ സംസാരിക്കും. മുപ്പതോളം വിദ്യാർത്ഥികൾ ഗവേഷണ പ്രബന്ധങ്ങളും പോസ്റ്ററുകളും അവതരിപ്പിക്കും. ഒക്യുപേഷണൽതെറാപ്പി രംഗത്ത് ആഗോളതലത്തിൽ നടക്കുന്ന ഏറ്റവും വിപുലമായ സമ്മേളനങ്ങളിൽ ഒന്നാണ് ഓറ്റിക്കോൺ 2024. വർഷത്തിലൊരിക്കലാണ് ഐ.ഐ.ഒ.ടി.എ സമ്മേളനം സംഘടിപ്പിക്കുന്നത്.. കേരള ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. ജോസഫ് സണ്ണി പറഞ്ഞു.ഓറ്റിക്കോൺ സമ്മേളനത്തോട് അനുബന്ധിച്ച്തെരുവ്നാടകമുൾപ്പെടെ പതിനഞ്ചോളം കോളേജുകളിൽ നിന്നുള്ളവിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക പരിപാടികളും നടക്കും.